(സി) ആക്കുളത്തേയും വേളിയേയും ബന്ധിപ്പിക്കുന്ന വാക്ക്‌വേയുടെ ഒന്നാംഘട്ടം പണി പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലും, രണ്ടാം ഘട്ടം തുടങ്ങുന്നതിനുള്ള തയ്യാറെടുപ്പിലുമാണ്.

(ഡി) വാക്ക്‌വേയുടെ എസ്റ്റിമേറ്റ് തുക 265.18 ലക്ഷം രൂപയാണ്. കൃത്രിമ വെള്ളച്ചാട്ടത്തിന് 12,17,920 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ഇത്തരത്തിലൊരു പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

ഭൂതപണ്ടം കായൽ വിനോദസഞ്ചാരകേന്ദ്രമായി പ്രഖ്യാപിക്കുവാൻ നടപടി

19 [1797] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ നെടുമുടി പഞ്ചായത്തിലുള്ള ഭൂതപണ്ടം കായൽ വിനോദസഞ്ചാര കേന്ദ്രമായി പ്രഖ്യാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ ആലപ്പുഴ ഡി.ടി.പി.സി.-ക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ബാക്ക് വാട്ടർ വികസനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. അതിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ബാധകമല്ല.

കാസർഗോഡ് ജില്ലയിലെ ബാക്ക് വാട്ടർ ടൂറിസവികസനം

20 [1798] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

„ എ. പി. അനിൽ കുമാർ:

„ കെ. മുഹമ്മദാലി:

„ കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാക്ക് വാട്ടർ ടൂറിസ വികസനത്തിന് പ്രാരംഭം കുറിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) അതിനുവേണ്ടി എത്തെല്ലാം പരിപാടികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാരംഭമായി വലിയപറമ്പയിലും, ചന്ദ്രഗിരിയിലുമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) വലിയപറമ്പയിൽ ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഹൗസ്ബോട്ട് പ്രവർത്തിക്കുന്നു. ചന്ദ്രഗിരിയിൽ സ്വകാര്യമേഖലയിലും ബോട്ടിംഗ് നടക്കുന്നു. ഇവിടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ ഉദ്ദേശമുണ്ട്. ബാക്ക് വാട്ടർ വികസനത്തിനായി തയ്യാറാക്കി വരുന്ന മാസ്റ്റർ പ്ലാനിൽ ഈ സ്ഥലങ്ങളുടെ വികസനസാധ്യതയും പരിഗണിക്കുന്നതാണ്.

കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ-ബീച്ച് വികസന പദ്ധതി

21 [1799] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ-ബീച്ച് വികസന പദ്ധതിയുടെ വിപുലീകരണ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) ബീച്ചിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ബീച്ചിൽ ആവശ്യമായ വൈദ്യുതി ഇല്ലാത്തതുകാരണം സാമൂഹ്യ വിരുദ്ധശല്യം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ബീച്ചിന്റെ എല്ലാ ഭാഗത്തും വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സാമൂഹ്യ വിരുദ്ധ ശല്യം ഒഴിവാക്കാൻ പ്രത്യേക പോലീസ് സേനയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly